"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിൽ സർക്കാർ മേഖലയിൽ എച്ച്.എസ്.എസ്.റ്റി(ജൂനിയർ) ഇംഗ്ലീഷ് തസ്തികയിൽ അധികമായി കണ്ടെത്തിയതിനെ തുടർന്ന് 31.03.2023 പ്രാബല്യത്തിൽ സർവ്വീസിൽനിന്നും റിട്രഞ്ച് ചെയ്യപ്പെട്ട 68 അധ്യാപകർക്ക് 01.06.2023 മുതൽ പുനഃനിയമനം നൽകുന്നതിനായി 01.06.2023 മുതൽ 31.05.2025 വരെ 68 എച്ച്.എസ്.എസ്.റ്റി(ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾ, സൂപ്പർന്യൂമററിയായി സൃഷ്ടിച്ച്, ടി തസ്തികയിൽ പ്രസ്തുത അധ്യാപകർക്ക് പുനഃനിയമനം നൽകുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

G.O.(Ms) No.58/2023/GEDN     തീയതി,തിരുവനന്തപുരം, 17-05-2023

---

പരാമർശം:-

1) 08.06.2017-ലെ സ.ഉ.(കൈ) നം. 47/2017/പൊ.വി.വ.

2) 17.06.2017-ലെ സ.ഉ.(കൈ) നം. 56/2017/പൊ.വി.വ.

3) ഡബ്ള്യു.പി.(സി) നം. 4178/2017, 5344/2017 എന്നിവയിന്മേൽ ബഹു.കേരള ഹൈക്കോടതിയുടെ 19.06.2017-ലെ വിധിന്യായം.

4) ഒ.എ. നം. 12, 87, 102, 131, 151, 289, 314, 321, 367 & 448/2017 കേസുകളിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22/06/2017-ലെ ഉത്തരവ്.

5) ഒ.പി.(കെ.എ.റ്റി.) നം. 323, 326, 327, 332, 403/2017, ഡബ്ള്യു.എ. നം. 1757/2017, 2369/2017 തുടങ്ങിയ കേസുകളിന്മേൽ ബഹു.കേരള ഹൈക്കോടതിയുടെ 01/03/2018-ലെ വിധിന്യായം.

6) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.07.2021-ലെ എഡി.ബി4/193497/2021/ഡിജിഇ നമ്പർ കത്ത്.

7) 24.09.2021-ലെ പൊ.വി.വ.-സി1/190/2021/പൊ.വി.വ. നമ്പർ സർക്കാർ കത്ത്.

8) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.10.2022-ലെ എഡി.ബി4/193497/2021/ഡിജിഇ നമ്പർ കത്ത്.

9) എസ്.എൽ.പി.(സി) നം. 9111 മുതൽ 9124/2018 വരെയുള്ള കേസുകളിന്മേൽ ബഹു.സുപ്രീംകോടതിയുടെ 15.02.2022-ലെ വിധി.

10) 01.03.2023-ലെ സ.ഉ.(കൈ) നം. 22/2023/പൊ.വി.വ.

11) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31.03.2023-ലെ എഡി.ബി4/193497/2021/ഡിജിഇ നമ്പർ ഉത്തരവ്.

12) എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികയിലുള്ള വിവിധ അദ്ധ്യാപകർ സർക്കാരിലേക്ക് സമർപ്പിച്ച നിവേദനങ്ങൾ.

13) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.04.2023-ലെ എഡി.ബി4/193497/2021/ഡിജിഇ നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ (എച്ച്.എസ്.എസ്.റ്റി) - ജൂനിയർ തസ്തികയിലുള്ള അദ്ധ്യാപകരുടെ ജോലിഭാരം പുനഃക്രമീകരിച്ചുകൊണ്ട് പരാമർശം (1), (2) എന്നിവ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയതിൻ പ്രകാരം ഒരു ആഴ്ചയിൽ 7 മുതൽ 14 വരെ അധിക പീരീഡുകൾ ഉള്ളപക്ഷം മാത്രം എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തിക സൃഷ്ടിച്ചാൽ മതിയാകുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഇംഗ്ലീഷ് വിഷയത്തിലെ എച്ച്.എസ്.എസ്.ടി. (ജൂനിയർ)-മാർക്ക് ആവശ്യമായ വർക്ക് ലോഡ് (ഏഴോ അതിലധികമോ പിരീഡ്) നിലവിൽ ഇല്ല എന്ന് പല ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചതിനെത്തുടർന്ന് ഡയറക്ടർ ടി വിവരം പരാമർശം (6) കത്ത് മുഖേന സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും, തുടർന്ന് സംസ്ഥാനത്തെ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തി എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷിന്റെ നിലവിലുള്ള കൃത്യമായ എണ്ണം കണ്ടെത്തുന്നതിന് പരാമർശം (7) സർക്കാർ കത്ത് മുഖാന്തിരം സർക്കാർ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആയത് പ്രകാരം നടത്തിയ തസ്തിക നിർണ്ണയത്തിൽ സംസ്ഥാനത്ത് ആകെ 87 എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾക്ക് മാത്രമേ ആവശ്യമായ വർക്ക് ലോഡ് ഉള്ളൂ എന്ന് കണ്ടെത്തുകയുണ്ടായി. പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (8) കത്തിലെ കണക്ക് പ്രകാരം എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികയിൽ 66 അദ്ധ്യാപകർ അധികമായി സർവ്വീസിൽ ഉണ്ടായിരുന്നു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) പ്രകാരമുള്ള ഉത്തരവുകളുടെയും ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (3), (5) പ്രകാരമുള്ള വിധിന്യായങ്ങളുടെയും ആയതിന്മേൽ ബഹു. സുപ്രീം കോടതിയുടെ പരാമർശം (9) ഉത്തരവ് പ്രകാരമുള്ള അന്തിമ തീർപ്പിന്റെയും അടിസ്ഥാനത്തിൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷിന്റെ കാറ്റഗറി നമ്പർ 110/2010 പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് 47 ഉദ്യോഗാർത്ഥികൾക്ക് കൂടി 20/06/2022 തീയതിയിൽ കേരള പി.എസ്.സി. നിയമന ശുപാർശ നൽകിയിരുന്നു. മേൽ സാഹചര്യത്തിൽ അധികമായി സർവ്വീസിലുണ്ടായിരുന്ന 66 എച്ച്.എസ്.എസ്.ടി. (ജൂനിയർ) അധ്യാപകർ, ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി-യിൽ നിന്നും നിയമന ശുപാർശ ലഭിച്ച 47 ഉദ്യോഗാർത്ഥികൾ എന്നിവർക്കായി 113 സൂപ്പർ ന്യൂമററി എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾ ആവശ്യമുണ്ട് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (8) കത്ത് മുഖേന സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും 113 എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾ സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് അധികമായി ജോലി ചെയ്തുവരുന്നവരെയും ബഹു. സുപ്രീം കോടതി വിധിയുടെ ആനുകൂല്യം ലഭിച്ചവരെയും ടി തസ്തികയിൽ തുടരാനുള്ള അനുവാദം നൽകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. വരും വർഷങ്ങളിലെ ഒഴിവുകളിൽ ഇത്തരം സൂപ്പർ ന്യൂമററി തസ്തികകൾ തട്ടിക്കിഴിക്കാമെന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ടായിരുന്നു. തുടർന്ന് ടി തസ്തികകളുടെ എണ്ണം 110 ആയി കുറയുകയും ചെയ്തു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (1), (2) എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കുറവുചെയ്തതും എന്നാൽ അദ്ധ്യാപകർ സർവ്വീസിൽ തുടർന്നുവന്നിരുന്നതുമായ തസ്തികകളും ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകേണ്ടതായ 47 തസ്തികകളും ഉൾപ്പെടെ ആകെ 110 എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾ 2022-23 അക്കാദമിക വർഷത്തേക്ക് സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് ടി തസ്തികകളിൽ ടി അദ്ധ്യാപകർക്ക് തുടരുന്നതിനുള്ള അനുമതി നൽകി പരാമർശം

(10) പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിരുന്നു. ആയതിനുശേഷം റഗുലർ തസ്തികകൾ ഉണ്ടാകുന്ന മുറയ്ക്ക് ഇവർക്ക് പുനഃനിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും സർക്കാർ ഉത്തരവായിരുന്നു.

2) ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31.03.2023 വരെ നിയമനം പരിമിതപ്പെടുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർ പി.എസ്.സി. നിയമന ശുപാർശ നൽകിയ ടി 47 ഉദ്യോഗാർത്ഥികൾക്കും നിയമന ഉത്തരവ് നൽകി. നിയമന ഉത്തരവ് നൽകിയതിൽ ഏതാനുംപേർ മാത്രമേ സർവ്വീസിൽ ജോയിൻ ചെയ്തിട്ടുള്ളൂ. മേൽപ്പറഞ്ഞ പുതിയ നിയമനങ്ങൾ സഹിതം, 31.03.2023-ന് 155 പേരാണ് എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികയിൽ ജോലി ചെയ്തുവന്നിരുന്നത്. ആയതിൽ സീനിയറായ 87 പേരെ നിലവിൽ പര്യാപ്തമായ പീരീഡുകളുള്ള സ്കൂളുകളിലേക്ക് മാറ്റി ക്രമീകരിക്കുകയും അധികമായി നിന്ന 68 അദ്ധ്യാപകരെ (ജൂനിയോറിട്ടിയുടെ അടിസ്ഥാനത്തിൽ) 31.03.2023 AN പ്രാബല്യത്തിൽ 1956-ലെ കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 7(a) പ്രകാരം ജോലിയിൽ നിന്നും റീട്രെഞ്ച് ചെയ്തുകൊണ്ട് (discharged for want of vacancy) പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (11) പ്രകാരം ഉത്തരവായി.

3) പി.എസ്.സി. വഴി നിയമനം ലഭിച്ച തങ്ങളെ 31.03.2023 തീയതി വരെ പരിമിതിപ്പെടുത്താതെ റെഗുലർ തസ്തിക ഉണ്ടാകുന്നതു വരെ സൂപ്പർ ന്യൂമററി തസ്തികകളിൽ തുടരുവാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് നിരവധി അദ്ധ്യാപകർ പരാമർശം (12) നിവേദനങ്ങൾ മുഖേന സർക്കാരിനെ സമീപിച്ചിട്ടുണ്ട്.

4) 2023 ജൂലൈ 15-ന് ശേഷം 31 എച്ച്.എസ്.എസ്.റ്റി.(ജൂനിയർ) ഇംഗ്ലീഷ് തസ്തികയിലുള്ളവർക്ക് എച്ച്.എസ്.എസ്.റ്റി. ഇംഗ്ലീഷ്ആയി ബൈട്രാൻസ്ഫർ നിയമനം ലഭിക്കുമെന്നും ആയതിനാൽ റിട്രഞ്ച് ചെയ്യപ്പെട്ട 68 പേരിൽ സീനിയറായ 31 പേരെ ടി തീയതിക്കുശേഷം തിരികെ ജോലിയിൽ പ്രവേശിപ്പിക്കുവാൻ കഴിയുമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (13) പ്രകാരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2024-ൽ 31 പേർക്കും 2025-ൽ ബാക്കിയുള്ളവർക്കും ഇത്തരത്തിൽ പുനഃനിയമനം നൽകുവാൻ കഴിയുമെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിൽ സർക്കാർ മേഖലയിൽ എച്ച്.എസ്.എസ്.റ്റി(ജൂനിയർ) ഇംഗ്ലീഷ് തസ്തികയിൽ അധികമായി കണ്ടെത്തിയതിനെത്തുടർന്ന് 31.03.2023 പ്രാബല്യത്തിൽ സർവ്വീസിൽനിന്നും റിട്രഞ്ച് ചെയ്യപ്പെട്ട 68 അധ്യാപകർക്ക് 01.06.2023 മുതൽ പുനഃനിയമനം നൽകുന്നതിനായി 01.06.2023 മുതൽ 31.05.2025 വരെ 68 എച്ച്.എസ്.എസ്.റ്റി(ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾ, ടി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകർ റഗുലർ ഒഴിവുകളിലേക്ക് ക്രമപ്പെടുമ്പോൾ നിറുത്തലാക്കപ്പെടുന്നതാണെന്ന വ്യവസ്ഥയിൽ, സൂപ്പർന്യൂമററിയായി സൃഷ്ടിച്ച്, ടി തസ്തികയിൽ പ്രസ്തുത അധ്യാപകർക്ക് പുനഃനിയമനം നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RANI GEORGE

PRINCIPAL SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിദ്യാഭ്യാസം), തിരുവനന്തപുരം

എല്ലാ ഹയർ സെക്കൻഡറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (16.05.2023 -ലെ 1866224/EDN-B1/334/2021-FIN പ്രകാരം)

പൊതുഭരണ (എസ്.സി.) വകുപ്പ് (26.04.2023-ലെ ഇനം നം.1495 പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി1/190/2021/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം
Signed by
V.sivakumar
Date: 17-05-2023 14:57:21
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

രഹസ്യം

227)

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-04-2023

ഫയൽ നം. GEDN-C1/190/2021/G.Edn. ഇനം നം: 1495

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിൽ സർക്കാർ മേഖലയിൽ എച്ച്.എസ്.എസ്.റ്റി.(ജൂനിയർ) ഇംഗ്ലീഷ് തസ്തികയിൽ അധികമായി കണ്ടെത്തിയതിനെത്തുടർന്ന് 31.03.2023 പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും റിട്രഞ്ച് ചെയ്യപ്പെട്ട 68 അധ്യാപകർക്ക് 01.04.2023 മുതൽ പുന:നിയമനം നൽകുന്നതിനായി 2025 മെയ് 31 വരെ 68 എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾ, ടി തസ്തിക യിൽ സേവനമനുഷ്ടിക്കുന്ന അധ്യാപകർ റഗുലർ ഒഴിവുകളിലേക്ക് ക്രമപ്പെടുമ്പോൾ നിറുത്തലാക്കപ്പെടുന്നതാണെന്ന വ്യവസ്ഥയിൽ, സൂപ്പർന്യൂമററിയായി സൃഷ്ടിച്ച്, ടി തസ്തികയിൽ ടി അധ്യാപകർക്ക് തുടരുന്നതിനുള്ള അനുമതി നൽകുന്നത്.

തീരുമാനം : തസ്തികകൾ സൃഷ്ടിക്കുന്നതിന്റെയും പുനർനിയമനത്തിന്റെയും പ്രാബല്യം 01.06.2023 മുതൽ ആയിരിക്കുമെന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

26/5/23

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

354

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിൽ സർക്കാർ മേഖലയിൽ എച്ച്.എസ്.എസ്.റ്റി(ജൂനിയർ) ഇംഗ്ലീഷ് തസ്തികയിൽ അധികമായി കണ്ടെത്തിയതിനെത്തുടർന്ന് 31.03.2023 പ്രാബല്യത്തിൽ സർവ്വീസിൽനിന്നും റിട്രഞ്ച് ചെയ്യപ്പെട്ട 68 അധ്യാപകർക്ക് 01.04.2023 മുതൽ പുനഃനിയമനം നൽകുന്നതിനായി 2025 മെയ് 31 വരെ 68 എച്ച്.എസ്.എസ്.റ്റി(ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾ, ടി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകർ റഗുലർ ഒഴിവുകളിലേക്ക് ക്രമപ്പെടുമ്പോൾ നിറുത്തലാക്കപ്പെടുന്നതാണെന്ന വ്യവസ്ഥയിൽ, സൂപ്പർന്യൂമററിയായി സൃഷ്ടിച്ച്, ടി തസ്തികയിൽ ടി അധ്യാപകർക്ക് തുടരുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ചതാണീ കുറിപ്പ്.

2) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഒരു ഹയർസെക്കന്ററി സ്കൂൾ ടീച്ചർ (എച്ച്.എസ്.എസ്.ടി.) ഒരു ആഴ്ചയിൽ പരമാവധി പഠിപ്പിക്കേണ്ട പീരീഡുകളുടെ എണ്ണം 25 ആണ്. ഓരോ വിഷയത്തിലും ഒരു എച്ച്.എസ്.എസ്.ടി., രണ്ട് എച്ച്.എസ്.എസ്.ടി., രണ്ടിലധികം എച്ച്.എസ്.എസ്.ടി.മാർ എന്നീ തസ്തികകൾ ഉള്ള സ്കൂളുകളിൽ 25 പീരിഡിന് ഉപരിയായി യഥാക്രമം 3, 6, 9 എന്നീ പീരീഡുകൾ ഉള്ളപക്ഷം ഓരോ ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) തസ്തിക കൂടി അനുവദിക്കാമെന്ന് 29.11.2002-ലെ സ.ഉ.(കൈ) നം. 398/2002/പൊ.വി.വ. പ്രകാരം സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ കേവലം 3 പീരിഡുകൾക്ക് മാത്രമായി ഒരു എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തിക സൃഷ്ടിക്കുന്നത് യുക്തിസഹമല്ലെന്ന് ബോദ്ധ്യപ്പെട്ടതിനാൽ 7 മുതൽ 14 വരെ അധിക പീരീഡുകൾ ഉള്ളപക്ഷം മാത്രം എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തിക സൃഷ്ടിച്ചാൽ മതിയാകുമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് 08.06.2017-ലെ സ.ഉ.(കൈ) നം. 47/2017/പൊ.വി.വ., 17.06.2017-ലെ സ.ഉ.(കൈ) നം. 56/2017/പൊ.വി.വ. എന്നിവ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തുമ്പോൾ ഇല്ലാതാകുന്ന തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് അവർ വിരമിക്കുന്നതുവരെയോ, അതേ മാനേജ്മെന്റിനു കീഴിൽ ഇതേ തസ്തികയിൽ പുതിയത് നിലവിൽ വരുമ്പോൾ മാറ്റി നിയമിക്കപ്പെടുന്നതുവരെയോ ഏതാണ്

ആദ്യം, അതുവരെ സൂപ്പർന്യൂമററി സ്റ്റാറ്റസിൽ തുടരുവാൻ 22.11.2018-ലെ സ.ഉ. (സാധാ) നം. 4870/2018/പൊ.വി.വ. പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ സർക്കാർ സ്കൂളുകളിൽ ഇത്തരം ആനുകൂല്യം നൽകിയിരുന്നില്ല.

3) ഇംഗ്ലീഷ് വിഷയത്തിലെ എച്ച്.എസ്.എസ്.ടി. (ജൂനിയർ)-മാർക്ക് ആവശ്യമായ വർക്ക് ലോഡ് (ഏഴോ അതിലധികമോ പിരീഡ്) നിലവിൽ ഇല്ല എന്ന് പല ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചതിനെ തുടർന്ന് ഡയറക്ടർ ടി വിവരം 12.07.2021-ലെ കത്ത് മുഖേന സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും, തുടർന്ന് സംസ്ഥാനത്തെ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തി എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷിന്റെ നിലവിലുള്ള കൃത്യമായ എണ്ണം കണ്ടെത്തുന്നതിന് 24.09.2021-ലെ പൊ.വി.വ.-സി1/190/2021/പൊ.വി.വ. നമ്പർ സർക്കാർ കത്ത് മുഖാന്തിരം സർക്കാർ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആയത് പ്രകാരം നടത്തിയ തസ്തിക നിർണ്ണയത്തിൽ സംസ്ഥാനത്ത് ആകെ 87 എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾക്ക് മാത്രമേ ആവശ്യമായ വർക്ക് ലോഡ് ഉള്ളൂ എന്ന് കണ്ടെത്തുകയുണ്ടായി. 2021-22 സ്റ്റാഫ് ഫിക്സേഷന് മുൻപ് സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷിന്റെ 337 തസ്തികകളാണ് ഉണ്ടായിരുന്നത്. 21.10.2022-ൽ ഡയറക്ടർ ലഭ്യമാക്കിയ കണക്ക് പ്രകാരം എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികയിൽ ടി തീയതിയിൽ 149 അദ്ധ്യാപകർ ജോലി ചെയ്തു വരുന്നുണ്ടായിരുന്നു, 2 അദ്ധ്യാപകർ ശൂന്യവേതനാവധിയിൽ തുടരുന്നുമുണ്ട്, കേരള പി.എസ്.സി-യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ 2 നിയമന ശുപാർശകൾ ലഭിക്കാനുമുണ്ട്. (62+2+2=ആകെ 66 അധിക തസ്തികകൾ)

4) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ സാധാരണ കാലാവധി 3 വർഷമാണ്. എന്നാൽ 30.06.2016-ൽ നിലവിലിരുന്നതും 30.12.2016-നകം മൂന്നുവർഷ കാലാവധി തീരുന്നതുമായ പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി ആറുമാസം കൂടി ദീർഘിപ്പിച്ച് നൽകിയിരുന്നു. ഇത്തരത്തിൽ കാലാവധി ദീർഘിപ്പിച്ച റാങ്ക് ലിസ്റ്റുകളിൽ എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് റാങ്കുലിസ്റ്റും (കാറ്റഗറി നമ്പർ 110/2010)

ഉൾപ്പെട്ടിരുന്നു. തുടർന്ന് പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി വീണ്ടും 6 മാസത്തേക്ക് ദീർഘിപ്പിച്ചപ്പോൾ, ടി ഉത്തരവിൽ ഇതിനകം കാലാവധി ദീർഘിപ്പിച്ച റാങ്ക് ലിസ്റ്റുകൾക്ക് പ്രസ്തുത രണ്ടാമത്തെ ദീർഘിപ്പിക്കൽ ബാധകമല്ലായെന്ന് മറ്റ് കാര്യങ്ങൾക്കൊപ്പം പി.എസ്.സി. വ്യക്തമാക്കിയിരുന്നു. ടി തീരുമാനം ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A. Nos. 12, 87, 102, 131, 151, 289, 314, 321, 367 & 448 of 2017 പ്രകാരമുള്ള കേസുകളായി ചലഞ്ച് ചെയ്യപ്പെട്ടു. ഇതേ വിഷയം ബഹു.കേരള ഹൈക്കോടതി മുമ്പാകെ WP(C) No. 4178, 5344/2017 എന്നിവകളായും ചലഞ്ച് ചെയ്യപ്പെട്ടു. ഒരിക്കൽ ദീർഘിപ്പിച്ച റാങ്ക് ലിസ്റ്റുകൾക്ക് രണ്ടാമത് ദീർഘിപ്പിച്ച ഉത്തരവ് ബാധകമാക്കാനാവില്ല എന്ന പി.എസ്.സി. നിലപാട് ബഹു.ഹൈക്കോടതി നിരാകരിച്ചു. ആദ്യം ദീർഘിപ്പിച്ച റാങ്ക് ലിസ്റ്റിലുള്ളവർക്കും രണ്ടാമത് റാങ്ക് ലിസ്റ്റ് ദീർഘിപ്പിച്ചതിന്റെ ഫലത്തിന് അർഹതയുണ്ടെന്ന് ബഹു.ഹൈക്കോടതി 19/06/2017-ലെ വിധിന്യായത്തിൽ വ്യക്തമാക്കി. ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ടി കേസുകളിൽ 22/06/2017-ലെ ഉത്തരവിൽ ഉദ്യോഗാർത്ഥികൾക്ക് അനുകൂലമായി വിധിച്ചു. ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ 19.06.2017-ലെ വിധിക്കെതിരെ W.A. No. 1757/2017, 2369/2017 തുടങ്ങിയ റിട്ട് അപ്പീലുകളും ബഹു.ട്രൈബ്യൂണൽ ഉത്തരവിനെതിരെ OP (KAT)No. 323/2017, 326/2017 മുതലായ വിവിധ കേസുകളും ബഹു.കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് മുമ്പാകെ പി.എസ്.സി. ഫയൽ ചെയ്തു. പ്രസ്തുത റിട്ട് അപ്പീലുകളും, OP(KAT)-കളും 01/03/2018-ലെ വിധിന്യായപ്രകാരം ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് നിരസിച്ചു. 30/06/2017 വരെ ബന്ധപ്പെട്ട എല്ലാ ലിസ്റ്റുകളും ദീർഘിപ്പിച്ച് നൽകേണ്ടതാണെന്ന് ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. ഇതിനെതിരെ കേരള പി.എസ്.സി. ബഹു.സുപ്രിംകോടതിയിൽ 9111 മുതൽ 9124/2018 വരെയുള്ള സ്പെഷ്യൽ ലീവ് പെറ്റിഷനുകൾ(സിവിൽ) ഫയൽ ചെയ്തു. ബഹു. ഹൈക്കോടതി വിധിയിൽ ഇടപെടുന്നതിന് കാരണമില്ല എന്ന് ചൂണ്ടിക്കാണിച്ച് 15/02/2022-ലെ വിധിപ്രകാരം ബഹു. സുപ്രീം കോടതി ടി എല്ലാ എസ്.എൽ.പി(സി) കളും ഡിസ്മിസ് ചെയ്തു. ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ, എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷിന്റെ കാറ്റഗറി നമ്പർ 110/2010 പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് 47 ഉദ്യോഗാർത്ഥികൾക്ക് കൂടി 20/06/2022 തീയതിയിൽ കേരള പി.എസ്.സി. നിയമന

ശുപാർശ നൽകി. ടി നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നിയമന ഉത്തരവ് നൽകണമെന്നാവശ്യപ്പെട്ട് കാറ്റഗറി നമ്പർ 110/2010 റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് ഉദ്യോഗാർത്ഥികൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) നം. 1285/2022 നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിലെ 15/09/2022-ലെ ഉത്തരവ് പ്രകാരം 20/06/2022-ലെ പി.എസ്.സി. നിയമന ശുപാർശയിന്മേൽ രണ്ട് ആഴ്ചകൾക്കകം നിയമന ഉത്തരവ് നൽകുവാൻ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി.

5) മേൽ സാഹചര്യത്തിൽ നിലവിൽ അധികമായി ജോലി ചെയ്തുവന്നിരുന്ന 62 എച്ച്.എസ്.എസ്.ടി. (ജൂനിയർ) അധ്യാപകർ, പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള 2 ഒഴിവുകൾ, ശൂന്യവേതനാവധിയിൽ തുടർന്ന് വരുന്ന 2 അധ്യാപകർ, ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബഹു. ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം പി.എസ്.സി-യിൽ നിന്നും നിയമന ശുപാർശ ലഭിച്ച 47 ഉദ്യോഗാർത്ഥികൾ എന്നിവർക്കായി 113 സൂപ്പർ ന്യൂമററി എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾ ആവശ്യമുണ്ട് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ 21.10.2022-ലെ കത്ത് മുഖേന സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും 113 എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾ സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് അധികമായി ജോലി ചെയ്തുവരുന്നവരെയും ബഹു. സുപ്രീം കോടതി വിധിയുടെ ആനുകൂല്യം ലഭിച്ചവരെയും ടി തസ്തികയിൽ തുടരാനുള്ള അനുവാദം നൽകണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. വരും വർഷങ്ങളിലെ ഒഴിവുകളിൽ ഇത്തരം സൂപ്പർ ന്യൂമററി തസ്തികകൾ തട്ടിക്കിഴിക്കാമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ടായിരുന്നു. തുടർന്ന് ടി തസ്തികകളുടെ എണ്ണം 110 ആയി കുറയുകയും ചെയ്തു.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി ശുപാർശയോട് ധനകാര്യ വകുപ്പ് വിയോജിപ്പ് രേഖപ്പെടുത്തിയ സാഹചര്യത്തിൽ പ്രസ്തുത വിഷയം 23.02.2023-ൽ ചേർന്ന മന്ത്രിസഭായോഗം പരിഗണിക്കുകയും 08.06.2017-ലെ സ.ഉ.(കൈ) നം. 47/2017/പൊ.വി.വ., 17.06.2017-ലെ സ.ഉ.(കൈ) നം. 56/2017/പൊ.വി.വ. എന്നിവയുടെ

അടിസ്ഥാനത്തിൽ കുറവുചെയ്യും എന്നാൽ നിലവിൽ അദ്ധ്യാപകർ സർവ്വീസിൽ തുടരുന്നതുമായ തസ്തികകളും ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകേണ്ടതായ 47 തസ്തികകളും ഉൾപ്പെടെ ആകെ 110 എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾ 2022-23 അക്കാദമിക വർഷത്തേക്ക് സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് ടി തസ്തികകളിൽ ടി അദ്ധ്യാപകർക്ക് തുടരുന്നതിനുള്ള അനുമതി നൽകുന്നതിനും അതിനുശേഷം റഗുലർ തസ്തികകൾ ഉണ്ടാകുന്ന മുറയ്ക്ക് ഇവർക്ക് പുനഃനിയമനം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത മന്ത്രിസഭായോഗ തീരുമാനം 01.03.2023-ലെ സ.ഉ.(കൈ) നം. 22/2023/പൊ.വി.വ. ആയി പുറപ്പെടുവിക്കുകയും ചെയ്തു.

7) ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31.03.2023 വരെ നിയമനം പരിമിതപ്പെടുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർ പി.എസ്.സി. നിയമന ശുപാർശ നൽകിയ ടി 47 ഉദ്യോഗാർത്ഥികൾക്കും നിയമന ഉത്തരവ് നൽകി. നിയമന ഉത്തരവ് നൽകിയതിൽ 12 പേർ മാത്രമേ സർവ്വീസിൽ ജോയിൻ ചെയ്തിട്ടുള്ളൂ. ഡെപ്യൂട്ടേഷൻ, ശൂന്യവേതനാവധി എന്നിവ കഴിഞ്ഞ് മേൽപ്പറഞ്ഞ 12 പുതിയ നിയമനം സഹിതം, 31.03.2023-ന് 155 പേരാണ് എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികയിൽ ജോലി ചെയ്തുവന്നിരുന്നത്. ആയതിൽ സീനിയറായ 87 പേരെ നിലവിൽ പര്യാപ്തമായ പീരീഡുകളുള്ള സ്കൂളികളിലേക്ക് മാറ്റി ക്രമീകരിക്കുകയും അധികമായി നിന്ന 68 അദ്ധ്യാപകരെ (ജൂനിയോറിട്ടിയുടെ അടിസ്ഥാനത്തിൽ) 31.03.2023 AN പ്രാബല്യത്തിൽ 1956-ലെ കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 7(a) പ്രകാരം ജോലിയിൽ നിന്നും റിട്രെഞ്ച് ചെയ്തുകൊണ്ട് (discharged for want of vacancy) പൊതുവിദ്യാഭ്യാസ ഡയറക്ടർ 31.03.2023-ലെ എഡി.ബി4/193497/2021/ഡിജിഇ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

8) പി.എസ്.സി. വഴി നിയമനം ലഭിച്ച തങ്ങളെ 31.03.2023 തീയതി വരെ പരിമിതിപ്പെടുത്താതെ റെഗുലർ തസ്തിക ഉണ്ടാകുന്നതു വരെ സൂപ്പർ ന്യൂമററി തസ്തികകളിൽ തുടരുവാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് നിരവധി അദ്ധ്യാപകർ സർക്കാരിനെ സമീപിച്ചിട്ടുണ്ട്.

9) 31/03/2023 വരെ നിയമനം പരിമിതപ്പെടുത്തിയ ടി നടപടി O.A.(EKM) നം. 466/2023 പ്രകാരം ഉദ്യോഗാർത്ഥികൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ

മുമ്പാകെ ചലഞ്ച് ചെയ്തിട്ടുണ്ടെന്നും, 2023 ജൂലൈ 15-ന് ശേഷം 31 എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികയിലുള്ളവർക്ക് എച്ച്.എസ്.എസ്.റ്റി. ഇംഗ്ലീഷ് ആയി ബൈട്രാൻസ്ഫർ നിയമനം ലഭിക്കുമെന്നും ആയതിനാൽ റിട്രഞ്ച് ചെയ്യപ്പെട്ട 68 പേരിൽ സീനിയറായ 31 പേരെ 2023 ആഗസ്റ്റിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുവാൻ കഴിയുമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2024-ൽ 31 പേർക്കും 2025-ൽ ബാക്കിയുള്ളവർക്കും ഇത്തരത്തിൽ പുനഃനിയമനം നൽകുവാൻ കഴിയുമെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ റിട്രഞ്ച്മെന്റ് ചെയ്യപ്പെട്ട 68 എച്ച്.എസ്.എസ്.റ്റി.(ജൂനിയർ) ഇംഗ്ലീഷ് അദ്ധ്യാപകരെ ടി തസ്തികയിൽ 31/03/2023-നു ശേഷവും തുടരുവാൻ അനുവദിക്കുകയാണെങ്കിൽ ആയതിലേയ്ക്ക് 4,05,68,320/-രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

10) പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്ന് 31.03.2023 പ്രാബല്യത്തിൽ റിട്രഞ്ച് ചെയ്യപ്പെട്ട 68 എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികയിലുള്ളവർക്ക് പുനർ നിയമനം നൽകുന്നതിനായി 2025 മെയ് 31 വരെ 68 എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾ സൂപ്പർ ന്യൂമററിയായി സൃഷ്ടിക്കുന്നതിന്മേൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

"HSST(Jr) English സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ 23/01/2023 തീയതിയിലെ മറുപടിയിലെ ഖണ്ഡിക-1 ലെ അഭിപ്രായത്തിൽ ഉറച്ച് നിൽക്കുന്നതായി ഭരണവകുപ്പിനെ അറിയിക്കുന്നു."

11) ധനവകുപ്പിന്റെ 23.01.2023-ലെ അഭിപ്രായത്തിന്റെ ഖണ്ഡിക (1) ഖണ്ഡിക ചുവടെ ചേർക്കും പ്രകാരമായിരുന്നു

"The Administrative Department is informed as follows:

1.The criteria of 7 periods have to be followed strictly as it is a major policy decision taken by the Government concomitant with sound financial management. Hence the proposal for creation of supernumerary posts is definitely defeating this

policy stand of the Government and it would cause unspecified legal complication.

12) ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന്, 68 എച്ച്.എസ്.എസ്.റ്റി(ജൂനിയർ) ഇംഗ്ലീഷ് തസ്തികയിലുള്ളവർക്ക് 01.04.2023 മുതൽ പുനഃനിയമനം നൽകുന്നതിനായി 2025 മെയ് 31 വരെ 68 എച്ച്.എസ്.എസ്.റ്റി(ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾ സൂപ്പർന്യൂമററിയായി സൃഷ്ടിക്കുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്യപ്പോൾ ഇക്കാര്യം ബഹു.മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന്, സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിൽ സർക്കാർ മേഖലയിൽ എച്ച്.എസ്.എസ്.റ്റി(ജൂനിയർ) ഇംഗ്ലീഷ് തസ്തികയിൽ അധികമായി കണ്ടെത്തിയതിനെത്തുടർന്ന് 31.03.2023 പ്രാബല്യത്തിൽ സർവ്വീസിൽനിന്നും റിട്രഞ്ച് ചെയ്യപ്പെട്ട 68 അധ്യാപകർക്ക് 01.04.2023 മുതൽ പുനഃനിയമനം നൽകുന്നതിനായി 01.04.2023 മുതൽ 2025 മെയ് 31 വരെ 68 എച്ച്.എസ്.എസ്.റ്റി(ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾ, ടി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകർ റഗുലർ ഒഴിവുകളിലേക്ക് ക്രമപ്പെടുമ്പോൾ നിറുത്തലാക്കപ്പെടുന്നതാണെന്ന വ്യവസ്ഥയിൽ, സൂപ്പർന്യൂമററിയായി സൃഷ്ടിച്ച്, ടി തസ്തികയിൽ ടി അധ്യാപകർക്ക് തുടരുന്നതിനുള്ള അനുമതി നൽകാവുന്നതാണോ ?